# പതിമൂന്നാം കേരള നിയമസഭ

## ഏഴാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നം. 2786 | 14/02/2013 - ൽ മറുപടിക്ക്

### ഇ.എസ്.ഐ. ആശുപത്രികളുടെ പ്രവർത്തനം

| ചോദ്യം | ഉത്തരം |
| --- | --- |
| ശ്രീ. കെ. രാധാകൃഷ്ണൻ<br>,, കെ. ദാസൻ<br>,, സി.കെ. സദാശിവൻ<br>ശ്രീമതി. പി. അയിഷാപോറ്റി | ശ്രീ.ഷിബു ബേബി ജോൺ<br>(തൊഴിലും പുനരധിവാസവും വകുപ്പ് മന്ത്രി) |
| (എ) സംസ്ഥാന സർക്കാരിന്റെ നിയന്ത്രണത്തിലുള്ള ഇ.എസ്.ഐ. ആശുപത്രികളുടെ പ്രവർത്തനം തൃപ്തികരമല്ലെന്ന കേന്ദ്ര തൊഴിൽ മന്ത്രിയുടെ പ്രസ്താവനയുടെ പശ്ചാത്തലത്തിൽ അവയുടെ പ്രവർത്തനം വിലയിരുത്തിയിട്ടുണ്ടോ; വിശദാംശം ലഭ്യമാക്കുമോ; | (എ) സംസ്ഥാന സർക്കാരിന്റെ കീഴിലുള്ള എല്ലാ ഇ.എസ്.ഐ. ആശുപത്രികളും പൊതുവിൽ മെച്ചപ്പെട്ട രീതിയിലാണ് പ്രവർത്തിച്ച് വരുന്നത്. ഡോക്ടർമാരുടെ ലഭ്യതക്കുറവാണ് പ്രധാന പോരായ്മ. എല്ലാ പോസ്റ്റിലും റഗുലർ നിയമനം നടത്തിയിട്ടുണ്ട്. |
| (ബി) )ഇ.എസ്.ഐ. ആശുപത്രികളിലെ ഡോക്ടർമാരുടെ കുറവും മറ്റ് സൗകര്യങ്ങളുടെ അപര്യാപ്തതയും പരിഹരിക്കാൻ എന്തൊക്കെ നടപടികളാണ് സ്വീകരിക്കാനുദ്ദേശിക്കുന്നതെന്ന് അറിയിക്കാമോ; | (ബി) ഇ.എസ്.ഐ. ആശുപത്രികളിലും ഇ.എസ് .ഐ. ഡിസ്പെൻസറികളിലും ഉള്ള ഡോക്ടർമാരുടെ എല്ലാഒഴിവുകളും പി.എസ്.സിക്ക് യഥാസമയം റിപ്പോർട്ട് ചെയ്യുകയുംപി.എസ്.സി. ഈ ഒഴിവുകളിൽ അഡ്വൈസ് മെമ്മോ നൽകുകയും ചെയ്തിട്ടുണ്ട്. എന്നാൽ ഭൂരിഭാഗം |

| | |
|---|---|
| | ഉദ്യോഗാർത്ഥികളും ജോലിയിൽ പ്രവേശിക്കുവാൻ തയ്യാറാകാത്തതിനെ തുടർന്ന് ഒഴിവുകൾ എൻ ജെഡി ആയി വീണ്ടും വീണ്ടും പി.എസ് സിയ്ക്ക് റിപ്പോർട്ട് ചെയ്തെങ്കിലും ഉദ്യോഗാർത്ഥികൾ ജോലിക്ക് ഹാജരാകാത്ത അവസ്ഥയാണ് നിലവിലുള്ളത്. ആയതിനാൽ സർക്കാരിന്റെ അനുമതിയോടുകൂടി ഈ ഒഴിവുകളിൽ കോൺട്രാക്ട് അടിസ്ഥാനത്തിൽ ഡോക്ടർമാരെ നിയമിച്ചിട്ടുണ്ട്. ഇപ്പോൾ എല്ലാ ഒഴിവുകളിലും നിയമനം നടത്തിയിരിക്കുകയാണ്. |
| (സി)മരുന്നുക്ഷാമം പരിഹരിക്കാൻ സ്വീകരിച്ചിട്ടുള്ള നടപടികൾ അറിയിക്കാമോ? | സി) നടപ്പുവർഷത്തേക്കാവശ്യമായ എല്ലാ മരുന്നുകളും 3 ഇ.എസ്.ഐ. സ്റ്റോറുകളിലും എത്തിച്ചിട്ടുണ്ട്. ആശുപത്രികളിൽ നിന്നും ലഭിക്കുന്ന ഇൻഡന്റ് പ്രകാരം ഇവ വിതരണം ചെയ്യുകയും ചെയ്യുന്നുണ്ട്. |

സെക്ഷൻ ഓഫീസർ